**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5153</u>** **<u>21-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>1947-ലെ റബ്ബർ നിയമം റദ്ദാക്കി പുതിയ നിയമ നിർമ്മാണത്തിനുള്ള കേന്ദ്ര സർക്കാർ നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. എ. രാജ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റബ്ബർ കർഷകരുടെയും ചെറുകിട വ്യാപാരികളുടെയും താല്പര്യങ്ങളെ ഹനിക്കുന്ന നിലയിൽ 1947-ലെ റബ്ബർ നിയമം റദ്ദാക്കി നിലവിലെ സംവിധാനം മാറ്റുന്നതിനായി നിയമ നിർമ്മാണം നടത്തുന്നതിനുള്ള കേന്ദ്ര സർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. കേന്ദ്രസർക്കാരിന്റെ കരട് റബ്ബർ നിയമ ഭേദഗതി നിർദ്ദേശങ്ങളിന്മേൽ കേരള സർക്കാരിന്റെ വ്യക്തമായ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കരട് നിയമത്തിൽ കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളിൽ കേരളത്തിന്റെ ആശങ്ക കേന്ദ്രസർക്കാരിനെ അറിയിച്ചതിനോടൊപ്പം കേരളത്തിലെ റബ്ബർ മേഖലയിലെ കർഷകർക്ക് കൂടുതൽ പ്രോത്സാഹനവും പ്രാധാന്യവും നൽകുന്ന വ്യവസ്ഥകളായിരിക്കണം നിയമത്തിൽ ഉൾപ്പെടുത്തേണ്ടത് എന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ റബ്ബർ കർഷകരെ ബാധിക്കുന്ന ഈ തീരുമാനത്തിന്മേൽ കേന്ദ്ര സർക്കാരുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. കേന്ദ്രസർക്കാരിന്റെ കരട് റബ്ബർ നിയമ ഭേദഗതി നിർദ്ദേശങ്ങളിന്മേൽ കേരള സർക്കാരിന്റെ വ്യക്തമായ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കരട് നിയമത്തിൽ കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളിൽ കേരളത്തിന്റെ ആശങ്ക കേന്ദ്രസർക്കാരിനെ അറിയിച്ചതിനോടൊപ്പം കേരളത്തിലെ റബ്ബർ മേഖലയിലെ കർഷകർക്ക് കൂടുതൽ പ്രോത്സാഹനവും പ്രാധാന്യവും നൽകുന്ന വ്യവസ്ഥകളായിരിക്കണം നിയമത്തിൽ ഉൾപ്പെടുത്തേണ്ടത് എന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | റബ്ബർ ലാറ്റക്സും റബ്ബർ ഷീറ്റും കാർഷികോല്പന്നമായി പ്രഖ്യാപിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; നിർദ്ദിഷ്ട നിയമം നിലവിൽ വരുന്നതോടുകൂടി ഈ വിഷയത്തിലെ സാദ്ധ്യതയെന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | റബ്ബറിനെ കാർഷിക വിളയായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന കൃഷി വകുപ്പ് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ